കോൺട്രാക്റ്റർക്കു കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. ഏതായാലും അദ്ദേഹം വീണ്ടും ഈ ആവശ്യം സഭയിൽ ഉന്നയിച്ചിരിക്കുകയാണ്. ഇന്നുതന്നെ ഇതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കോൺട്രാക്റ്റർക്ക് കൊടുക്കുവാനുള്ള ബിൽ കൊടുക്കുവാനും പണി പൂർത്തിയാക്കുവാനും ആവശ്യമായ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

7. അവശ കലാകാരൻമാരുടെ പെൻഷൻ

ശ്രീ. വി. കെ. രാജൻ : സർ, അവശ കലാകാരൻമാർക്ക് ഇന്ന് നൽകി വരുന്ന പെൻഷൻ തുക ഏകീകരിച്ച് 500 രൂപയാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അവശ പത്ര പ്രവർത്തകർക്കും ചലച്ചിത്ര കലാകാരൻമാർക്കും അവരുടെ ആശ്രിതർക്കും വിവിധ നിരക്കിൽ സർക്കാർ നൽകി വരുന്ന പ്രതിമാസ സാമ്പത്തിക സഹായം ഏകീകരിച്ച് വർദ്ധിപ്പിച്ചതായി മന്ത്രി ശ്രീ. കെ. എം. മാണി പ്രഖ്യാപിക്കുകയുണ്ടായി. വൈകിയാണെങ്കിലും ആവശ്യം വേണ്ട ഒരു തീരുമാനമാണ് സർക്കാർ ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നത്. എന്നാൽ സാഹിത്യം തുടങ്ങിയ കലാസാംസ്കാരിക രംഗങ്ങളിലും വിവിധ വാദ്യോപകരണങ്ങളും കൈകാര്യം ചെയ്തു ജീവിതകാലം മുഴുവൻ നിസ്തുല സേവനമനുഷ്ഠിച്ചിട്ടുള്ള അവശ കലാകാരൻമാർക്കു വർദ്ധിപ്പിച്ചിട്ടുള്ള ഏകീകരിച്ച നിരക്ക് ബാധകമാക്കി കാണുന്നില്ല. അതുകൊണ്ട് അതിനാവശ്യമായ നടപടികളും സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോൾ ഒരു പദ്ധതിയുണ്ട്. 100, 150 രൂപ വീതമാണ് കൊടുക്കുന്നത്. പക്ഷേ, കേന്ദ്ര ഗവൺമെൻറിൻറെ പദ്ധതിയനുസരിച്ച് 50 വയസ്സുവരെയുള്ള ആളുകൾക്ക് 250 രൂപ മുതൽ 600 രൂപ വരെയും 50 വയസ്സിനു മുകളിൽ ഉള്ള ആളുകൾക്ക് 750 രൂപ വരെയും കൊടുക്കുന്ന പദ്ധതിയാണ് കേന്ദ്രഗവൺമെൻറിൽ ഇന്ന് നിലവിലുള്ളത്. ഈ രണ്ട് പദ്ധതികളേയും സംയോജിപ്പിച്ച് കൊണ്ടു പോകാൻ സാധിക്കുമോയെന്നുള്ള സ്ഥിതിയെക്കുറിച്ച് പരിശോധിക്കുന്നതിനു വേണ്ടി വരുന്ന ഡിസംബറിൽ ആദ്യവാരം ഇതുമായി ബന്ധപ്പെട്ട ആളുകളുടെ ഒരു കോൺഫറൻസ് വിളിച്ചിരിക്കുകയാണ്. ആ കോൺഫറൻസിനു ശേഷം തീരുമാനമെടുത്ത് നടപ്പിലാക്കുന്നതായിരിക്കും.

V റിപ്പോർട്ട് സമർപ്പണം

1. 1986-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട്
2. 1986-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട്.
3. എസ്റ്റിമേറ്റ് കമ്മറ്റിയുടെ 23-ാമത് റിപ്പോർട്ട്

Minister for Co-operation (**Smt. M. Kamalam**) : Sir, I present the Report of the Subject Committee on the Kerala Co-operative Societies (Amendment) Bill, 1986.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, 1986-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ബില്ലിന്മേലുള്ള സബ് ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അംഗമായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് ചെയർമാനു വേണ്ടി സമർപ്പിക്കുന്നു.

VI ധനകാര്യം

1986-87-ലെ ബഡ്ജറിലേക്കുള്ള ഉപധനാഭ്യർത്ഥന കും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, സംസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,000 രൂപയുടേയും പോലീസ് എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ജില്ലാ ഭരണവും പലവകയും എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,22,400 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, വിദ്യാഭ്യാസം കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,96,98,200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, കൃഷി എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു നൂറു രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : സർ, ഭക്ഷ്യം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, വനം എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, വ്യവസായം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly